# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7268 — 16.07.2012 ൽ - മറുപടിക്ക്

## റേഷൻ സാധനങ്ങൾ പായ്ക്ക് ചെയ്ത് വിതരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.എ. അസീസ്.<br>"കോവൂർ കുഞ്ഞുമോൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്തെ റേഷൻ കടകളിൽ നിന്ന് വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിൽ ക്രമക്കേട് കാണിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിരളമായി ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത പരാതി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | റേഷൻസാധനങ്ങൾ കാർഡുടമകൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും ലഭിക്കുന്നു എന്നുറപ്പ് വരുത്തുന്നതിലേയ്ക്കായി ഇലക്ട്രോണിക് ത്രാസുകൾ സ്ഥാപിക്കുന്ന നടപടി മിക്കവാറും പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഒന്നും ഇടുക്കി ജില്ലയിൽ അഞ്ചും എറണാകുളം ജില്ലയിൽ രണ്ടും കടകളിൽ (വൈദ്യുതി ഇല്ലാത്തതിനാൽ) ഒഴികെ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് ത്രാസ് സ്ഥാപിച്ചിട്ടുണ്ട്. ഓരോ മാസവും വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ അളവ് പത്രമാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ എല്ലാ റേഷൻ കടകളിലും ലഭിക്കുന്ന സാധനങ്ങളുടെ വിതരണത്തോതും വിലയും പ്രദർശിപ്പിക്കുന്നു എന്നുറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. ടി പട്ടികകൾ പ്രദർശിപ്പിക്കാതിരുന്നാൽ ആയത് ക്രമക്കേടായി കണക്കാക്കി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുമുണ്ട്. |
| സി) | നിത്യോപയോഗ സാധനങ്ങൾ കൃത്യമായ അളവുകളിൽ പായ്ക്കറ്റുകളിലാക്കി വിതരണത്തിനായി റേഷൻ കടകളിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇത്തരമൊരു പദ്ധതി നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ